# കേരള സർവകലാശാല

## ഒന്നാം വർഷ ബി. എഡ് പ്രവേശനം – 2023

### ഡിഫൻസ് ക്വാട്ട സ്പോർട്സ് ക്വാട്ട വിഭാഗങ്ങൾക്കും മറ്റ് ഒഴിവുള്ള സീറ്റിലേക്കുമുള്ള സ്പോട്ട് അഡ്മിഷൻ സെപ്റ്റംബർ 8 ന്

## <u>നിർദ്ദേശങ്ങൾ</u>

- ഒന്നാം വർഷ ബി.എഡ് പ്രോഗ്രാമുകളിലേക്കുള്ള ഡിഫൻസ് ക്വാട്ട സ്പോർട്സ് ക്വാട്ട വിഭാഗങ്ങൾക്കും മറ്റ് ഒഴിവുള്ള സീറ്റിലേക്കുമുള്ള (കെ.യു.സി.ടി.ഇ മാനേജ്മെന്റ് ക്വാട്ട ഉൾപ്പെടെ) സ്പോട്ട് അലോട്ട്മെന്റ് സെപ്റ്റംബർ 08 ന് സെനറ്റ് ഹാൾ, കേരള സർവകലാശാല പാളയം ക്യാമ്പസ്സിൽ വച്ച് നടത്തുന്നു.
- വിദ്യാർത്ഥികൾ അപേക്ഷയുടെ പ്രിന്റ്ഔട്ട് (including Managament Quota profile for KUCTEs) , യോഗ്യത തെളിയിക്കുന്ന മാർക്ക് ലിസ്റ്റ്, എലിജിബിലിറ്റി സർട്ടിഫിക്കറ്റ് (for candidates of other Universities), Medical certificate (for Differently Abled Candidates), മറ്റു യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്.
- നിലവിൽ അഡ്മിഷൻ ഉള്ള വിദ്യാർത്ഥികൾ അഡ്മിറ്റ് മെമ്മോയും മേല്പറഞ്ഞ സെർട്ടിഫിക്കറ്റുകളുടെ പകർപ്പും ഹാജരാക്കിയാൽ മതിയാകും .
- ഡിഫൻസ് ക്വാട്ടയിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ പ്രോസ്പെക്ടസിൽ വ്യക്തമാക്കിയിട്ടുള്ള ജില്ലാ സൈനിക വെൽഫയർ ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
- കെ.യു.സി.ടി.ഇ മാനേജ്മെന്റ് ക്വാട്ടയിൽ അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ ടി അപേക്ഷയുടെ പ്രിൻറൗട്ട്കൂടെ ഹാജരാക്കേണ്ടതാണ്.
- കെ.യു.സി.ടി.ഇ മാനേജ്മെന്റ് ക്വാട്ടയിൽ അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികളെ മാത്രമേ ടി സീറ്റിൻറെ അലോട്ട്മെൻറ്റിലേക്കു പരിഗണിക്കുകയുള്ളൂ
- EWS വിഭാഗത്തിൽപ്പെട്ടവിദ്യാർത്ഥികൾ EWS സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

- സ്പോർട്സ് കൗൺസിലിൽ നിന്ന് ലഭ്യമാക്കിയ സ്പോർട്സ് ക്വാട്ട റാങ്ക് ലിസ്റ്റ് സർവകലാശാല വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട് .
- രജിസ്ട്രേഷൻ സമയം 8 മണിമുതൽ 10 മണി വരെ ആണ്. ടി സമയം കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.
- അലോട്ട്മെന്റ് സെന്ററുകളിൽ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളു. ഏതെങ്കിലും കാരണത്താൽ ഹാജരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾ സാക്ഷ്യപത്രം (authorization letter) നൽകി പ്രതിനിധിയെ അയക്കാവുന്നതാണ്.
- നിലവിൽ ഏതെങ്കിലും കോളേജിൽ പഠിച്ചു കൊണ്ടിരിക്കുന്ന വിദ്യാർഥികൾ സ്പോട്ട് അലോട്മെന്റിൽ അഡ്മിഷൻ ഉറപ്പായാൽ മാത്രമേ TC വാങ്ങാൻ പാടുള്ളു.
- സ്പോട്ട് അലോട്ട്മെന്റിൽ കോഴ്സും കോളേജും അലോട്ട് ചെയ്ത് കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല.
- ഒഴിവുള്ള സീറ്റുകളുടെ വിവരം സർവകലാശാല വെബ് സൈറ്റിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിക്കുന്നതാണ്.